ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) 1954-55 വർഷത്തിൽ സംസ്ഥാനത്തു ആകെ 2452 തടിമോഷണക്കേസുകൾ ഉണ്ടായിട്ടുണ്ടു്. ഇവയെല്ലാം രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) 1953-54 എന്നീ വർഷങ്ങളിൽ കൊടശേരി റെയിഞ്ചിൽ മാത്രമായി 66 തടിമോഷണക്കേസുകൾ പിടിച്ചിട്ടുണ്ടു്. പ്രതികളുടെ പേരുവിവരങ്ങളടങ്ങിയ *ലിസ്റ്റ് മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

(സി) പ്രതികളിൽ ചിലർ ആറും ഏഴും കേസുകളിൽ പ്രതികളായിട്ടുള്ളതായി കാണുന്നു.

STARRED QUESTIONS POSTED FOR ANSWER ON 26-3-1955.

ഒല്ലൂർക്കര സെൻട്രൽ ഫാമിലെ തൊഴിലാളികൾ.

*676. [25] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുവക ഒല്ലൂർക്കര സെൻട്രൽ ഫാമിലുള്ള തൊഴിലാളികൾ കൂലിക്കൂടുതൽ ആവശ്യപ്പെട്ടതിനെ തുടർന്നു് അസിസ്റ്റൻറ് ആഗ്രികൾച്ചറൽ ഡയറക്ടറും, ഫാമിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളും തൃശ്ശൂർ കൺസിലിയേഷൻ ആഫീസറും ചേർന്നു് ഒരു ത്രികക്ഷി സമ്മേളനം നടത്തുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലെ തീരുമാനങ്ങൾ എന്തെല്ലാം ;

(സി) അവ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ടു്.

(ബി) 1-2-1955 മുതൽ ഒരു പ്രായപൂർത്തിവന്ന പുരുഷനു് 1 രൂപ 4 അണയും, സ്ത്രീക്കു് 12 അണയും, കുട്ടിക്കു് 12 അണയും വീതം ദിവസമൊന്നുക്കു് കൂലി കൊടുക്കുന്നതിനു് തീരുമാനിച്ചു.

(സി) ഉണ്ടു്.

(ഡി) ഉത്തരം ആവശ്യമില്ല.

വള്ളക്കടവുകൾ.

*677. [29] ശ്രീ. പി. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വള്ളക്കടവുകളും ബോട്ടുജട്ടികളും ജലവാഹനങ്ങൾ കരപറ്റി അടുത്തുകിടക്കത്തക്കവണ്ണം ഉപയോഗയോഗ്യമായ നിലയിലാണോ സ്ഥിതിചെയ്യുന്നതെന്നു്, കഴിഞ്ഞകാലങ്ങളിൽ—കാണുന്നതു

*Please see Appendix I

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്തിൽ ഒരു പ്രാവശ്യമെങ്കിലും പരിശോധിച്ച് റിപ്പോർട്ട ചെയ്യണമെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് സർക്കാരിൽനിന്നും വേണ്ട നിർദ്ദേശം നൽകുമോ ;

(ബി) കോട്ടയത്തെ കച്ചേരിക്കടവും ബോട്ടുജട്ടിയും ചന്തക്കടവ്, ഈരേക്കടവ്, കോടിമത, തെക്കുംഭാഗം, ചുങ്കം, നാഗമ്പടം എന്നീ വള്ളക്കടവുകളും ഉപയോഗയോഗ്യമായ നിലയിലാണോ അതോ മണ്ണടിഞ്ഞുനികന്നാണോ സ്ഥിതിചെയ്യുന്നതെന്ന അന്വേഷിച്ച് അവ ഉപയോഗക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ ഗവണ്മെൻറ് കൈക്കൊള്ളുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇതേപ്പറ്റി ഗവണ്മെൻറ് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്.

(ബി) സത്വര നടപടികൾ എടുക്കുന്നതാണ്.

പിന്നാക്കസമുദായോദ്ധാരണം.

* 678. [31] ശ്രീ. സി. കൊച്ചുകുഞ്ഞു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റി റിപ്പോർട്ട സമർപ്പിക്കുവാൻ നിയോഗിച്ച സബ് കമ്മറ്റി എന്നാണ് രൂപീകരിച്ചത്;

(ബി) പ്രസ്തുത കമ്മിറ്റി എന്നാണ് റിപ്പോർട്ട സമർപ്പിച്ചത്;

(സി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തിനുവേണ്ടി ആകെ എത്ര തുക ചെലവായി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റി റിപ്പോർട്ട സമർപ്പിക്കുവാൻ നിയോഗിച്ച സബ് കമ്മിറ്റി രൂപീകരിച്ചത് 7-6-1954-ൽ ആണ്.

(ബി) പ്രസ്തുത കമ്മിറ്റി 29-12-1954-ൽ റിപ്പോർട്ട സമർപ്പിച്ചു.

(സി) പ്രസ്തുത കമ്മറ്റിയുടെ പ്രവർത്തനത്തിനു ഉദ്ദേശം 4000 രൂപ ചെലവായിട്ടുണ്ട്.

പിന്നോക്കസമുദായോദ്ധാരണം.

* 679. [32] ശ്രീ. പി. എം. മാക്കോസ് . താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55-ൽ പിന്നാക്കസമുദായോദ്ധാരണത്തിനുവേണ്ടി ഗവണ്മെൻറ് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം വിധത്തിലുള്ള സംരക്ഷണമാണ് ഡിപ്പാർട്ടുമെൻറ് മുഖാന്തിരം ചെയ്തുകൊണ്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly